milma

# എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ക്ലിപ്തം ഇ 150(ഡി)

പി.ബി.നം. 2212, ഇടപ്പള്ളി, കൊച്ചി - 682 024.

ഇയു:പി ആന്റ്ഐ:23:സി.ഐ.എൻ.എസ്:2024: 5341 05.12.2024

## സർക്കുലർ

വിഷയം:- കന്നുകാലി ഇൻഷ്വറൻസ് മാസ്റ്റർ പോളിസി സംബന്ധിച്ച്.

.........

എറണാകുളം മേഖലാ ക്ഷീരോല്പാദക യൂണിയൻ ക്ഷീരസംഘങ്ങൾ മുഖേന യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ചു കൊണ്ട് എയീംസ് ഇൻഷുറൻസ് ബ്രോക്കിംഗ് പ്രൈവറ്റ് ലിമിറ്റഡ് മുഖേന നടപ്പിലാക്കിയിരുന്ന കന്നുകാലി ഇൻഷ്വറൻസ് മാസ്റ്റർ പോളിസിയുടെ കാലാവധി 05.12.2024ൽ അവസാനിക്കുന്നതിനാൽ,പുതിയ പോളിസി താഴെ പറയുന്ന നിരക്കിൽ ഫ്യൂചർ ജനറാലി ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖേന 06.12.2024 മുതൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

ഈ പദ്ധതിയിൽ സംഘത്തിലെ ക്ഷീര കർഷകരുടെ കന്നുകാലികളെ പരമാവധി ഉൾപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്. ഇൻഷ്വറൻസിന്റെ പ്രീമിയം നിരക്ക് താഴെ ചേർക്കുന്നു.

| പശുവിന്റെ വില | പ്രീമിയം നിരക്ക് ഒരു വർഷത്തേക്ക് (പശുവിന്റെ വിലയുടെ ശതമാന കണക്കിൽ - ടാക്സ് അടക്കം) |
|---|---|
| 1,00,000 രൂപ വരെ | 4.50% |

മേഖലാ യൂണിയന് പാൽ നൽകുന്ന ആനന്ദ് മാതൃകാ സംഘങ്ങളിലെ കർഷകർക്ക് ടി പദ്ധതി പ്രകാരം കന്നുകാലികളെ ഇൻഷുർ ചെയ്യാവുന്നതാണ്. മേഖലായൂണിയന് പാൽ നൽകുന്ന, യൂണിയന്റെ അംഗസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഇൻഷ്വർ ചെയ്ത പശു ഒന്നിന് പ്രീമിയം തുകയുടെ(നികുതി കിഴിച്ച് ) 50 ശതമാനമോ അല്ലെങ്കിൽ 1000/- രൂപയോ, ഏതാണോ കുറവ് എന്ന നിരക്കിൽ പരമാവധി നാലു പശുവിനുവരെ ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി നൽകുന്നതാണ്.

പദ്ധതിയ്ക്കുകീഴിൽ കന്നുകാലികളെ ഇൻഷ്വർ ചെയ്യുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് അറിയിച്ചുകൊള്ളുന്നു.

1. കന്നുകാലി ഇൻഷുറൻസിന് ഓരോ കർഷകനും ഓരോ പ്രൊപ്പോസൽ ഫോം ഉണ്ടായിരിക്കുന്നതാണ്. ഒരു പ്രെപ്പോസൽഫോം ഉപയോഗിച്ച് ഒരു കർഷകന്റെ എത്ര പശുക്കളെ വേണമെങ്കിലും ഇൻഷുർ ചെയ്യാവുന്നതാണ്.
2. പ്രോപ്പോസൽ ഫോം സംഘം മുഖേനയല്ലാതെ കർഷകർ നേരിട്ട് ഇൻഷ്വറൻസ് കമ്പനിയ്ക്ക് നൽകാൻ അനുവദിക്കരുത്. പ്രൊപ്പോസൽ ഫോമുകൾ സെക്രട്ടറിയുടെ ആധാർകാർഡ് കോപ്പി സഹിതം സംഘം ലെറ്റർ ഹെഡിലുള്ള കവറിംഗ് ലെറ്ററോടുകൂടി രജിസ്റ്റേർഡ്(എ.ഡി) പോസ്റ്റിൽ

അനുബന്ധമായി നൽകിയിട്ടുള്ള ഫ്യൂചർ ജനറാലി (തൃശൂർ/എറണാകുളം/കോട്ടയം) ഓഫീസിലേക്ക് മാത്രം അയയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3. കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിന് ടൈം സ്റ്റാമ്പുള്ള 3 ഫോട്ടോയും (1. ഇയർ ടാഗിലെ നമ്പർ വ്യക്തമാകുന്ന രീതിയിൽ കറവമാടിന്റെ തലഭാഗം, 2. കറവമാടിന്റെ ഇടതുഭാഗം മുഴുവനായി കാണത്തക്കരീതിയിൽ , 3. കറവമാടിന്റെ വലതുഭാഗം മുഴുവനായി കാണത്തക്കരീതിയിൽ ) കൂടി നൽകേണ്ടതാണ്.
4. കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിന് ഗവൺമെന്റ് മൃഗാശുപത്രികളിലെ ഡോക്ടർമാരുടെയോ, യൂണിയന്റെ വികേന്ദ്രീകൃത വെറ്ററിനറി യൂണിറ്റുകളിലെ ഡോക്ടർമാരുടെയോ സേവനം ഉപയോഗിക്കാവുന്നതാണ്.
5. യൂണിയന്റെ വികേന്ദ്രീകൃത വെറ്ററിനറി യൂണിറ്റുകളിലെ ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുമ്പോൾ സംഘം തലത്തിൽ ക്യാമ്പുകൾ നടത്തി കന്നുകാലികളെ ഇൻഷ്വർ ചെയ്യാവുന്നതാണ്. ഇപ്രകാരം ഇൻഷ്വർ ചെയ്യുമ്പോൾ 10 ഉരുവെങ്കിലും ഇൻഷ്വർ ചെയ്യുന്നതിന് ഉണ്ടായിരിക്കേണ്ടതാണ്.
6. ഇൻഷ്വർ തുക അടയ്ക്കുന്നതിനായി ഫ്യൂചർ ജനറാലി ഓഫീസിൽ നിന്നും രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തി തുക നിക്ഷേപിക്കേണ്ട ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അറിയിക്കുന്നതാണ്. സംഘം തുക പ്രസ്തുത അക്കൗണ്ടിൽ അടച്ച് യുടിആർ വിവരങ്ങൾ ബന്ധപ്പെട്ട ഫ്യൂചർ ജനറാലി ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്. തുക ഇൻഷുറൻസ് കമ്പനിയിൽ ലഭിക്കുന്ന തീയതിക്ക് പോളിസി നിലവിൽ വരുന്നതാണ്.
7. ക്ലെയിമിനായി ഇൻഷ്വർ ചെയ്ത ഉരുവിന്റെ മരണം നടന്ന് **24 മണിക്കൂറിനകം** ഫ്യൂചർ ജനറാലി ഇൻഷുറൻസ് കമ്പനിയുടെ തൃശൂർ/എറണാകുളം/കോട്ടയം ബ്രാഞ്ചുകളിൽ അറിയിക്കേണ്ടതാണ്. ക്ലെയിം ലഭിക്കാനായി ഫോമുകളും, അനുബന്ധ രേഖകളും, അപേക്ഷകളും സംഘം നേരിട്ട് **15ദിവസത്തിനകം** ബന്ധപ്പെട്ട ബ്രാഞ്ചുകളിലേക്കാണ് അയക്കേണ്ടത്.
8. പ്രൊപ്പോസൽ ഫോം രജിസ്ട്രേഡ് തപാലിൽ അയക്കുന്നതിന്റെ രസീതും അയച്ച രേഖകളുടെ കോപ്പികളും പ്രത്യേക ഫയലായി സംഘത്തിൽ സൂക്ഷിക്കേണ്ടതാണ്
9. പ്രോപ്പോസൽ ഫോം, വെറ്ററിനറി സർട്ടിഫിക്കേറ്റ് ഫോം എന്നിവ ലഭിക്കുന്നതിന് സംഘങ്ങൾ അതാതു പി ആന്റ് ഐ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**കന്നുകാലി ഇൻഷ്വറൻസിന് പ്രീമിയം സബ്സിഡി ലഭിക്കുന്നതിനായി പോളിസിയുടെ ഫോട്ടോകോപ്പി ഇതോടൊപ്പം ചേർത്തിരിക്കുന്ന അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. പി & ഐ യൂണിറ്റിൽ നിന്നുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രീമിയം സബ്സിഡി തുക സംഘത്തിനുള്ള പാൽവിലയോടൊപ്പം ചേർത്ത് നൽകുന്നതും ആയത് സംഘത്തിൽനിന്ന് ബന്ധപ്പെട്ട കർഷകന് നൽകേണ്ടതുമാണ്.**

മാനേജിംഗ് ഡയറക്ടർ

എല്ലാ അംഗസംഘങ്ങൾക്കും.

പകർപ്പ്: ചെയർമാന്റെ അറിവിലേയ്ക്കും
എല്ലാ ഭരണസമിതി അംഗങ്ങൾക്കും
എല്ലാ ഡെയറി മാനേജർമാർക്കും
എല്ലാ പി&ഐ യൂണിറ്റുകൾക്കും
മാനേജർ (എഫ് &എ)/മാനേജർ (എഞ്ചിനീയറിംഗ്)
മാനേജർ(പി&ഐ)/സെക്ഷൻഹെഡ് (എം.ഐ.എസ്)
പി.എ ടു എം.ഡി, എം.എഫ്/ഒ.സി

അനുബന്ധം - 1

| ക്രമ നം | പി ആന്റ് ഐ യൂണിറ്റ് | പ്രൊപ്പോസൽ ഫോമുകൾ അയച്ചുകൊടുക്കേണ്ട വിലാസം | ബന്ധപ്പെടേണ്ട ഫോൺ നമ്പറും ഇ മെയിൽ ഐഡിയും |
|---|---|---|---|
| 1 | എറണാകുളം/മൂവാറ്റുപുഴ/ അടിമാലി/ കട്ടപ്പന | ഫ്യൂചർ ജനറാലി ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, മൂന്നാംനില, സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ ബിൽഡിംഗ്, മാവേലി റോഡ്, കടവന്ത്ര, എറണാകുളം, കേരളം- 682020 | 6360695596<br>AvinashSingh88@futuregenerali.in |
| 2 | കോട്ടയം | ഫ്യൂചർ ജനറാലി ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, രണ്ടാംനില, ഉറുമ്പിൽ സിഗ്നേച്ചർ ടവേഴ്സ്, കഞ്ഞികുഴി, കോട്ടയം, കേരളം- 686004 | |
| 3 | തൃശ്ശൂർ/ ചാലക്കുടി | ഫ്യൂചർ ജനറാലി ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, എട്ടാംനില, ക്രൗൺ ടവർ, ഓപ്പോസിറ്റ് ഹെഡ് പോസ്റ്റ് ഓഫീസ്, ശക്തൻ നഗർ, തൃശ്ശൂർ, കേരളം- 680001 | |